അത് സമൂഹത്തിന് ആദായകരമാണ്. എന്നാൽ ഇത് നടത്തിക്കൊണ്ട് പോകുന്നതുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ ഗവൺമെന്റ് ഗൗരവമായി പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. അതിൽ രമ്യമായ തീരുമാനം കൈക്കൊള്ളാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**16. മിനി സിവിൽ സ്റ്റേഷന്റെയും കോർട്ട് കോംപ്ലക്സിന്റെയും നിർമ്മാണം**

ശ്രീ. ബി. ബാബു പ്രസാദ്: സർ, 2009-2010-ലെ സ്റ്റിമുലസ് പാക്കേജിൽ സർക്കാർ ഹരിപ്പാട് മിനി സിവിൽ സ്റ്റേഷനും കോർട്ട് കോംപ്ലക്സും പ്രഖ്യാപിച്ചിട്ട് രണ്ടുവർഷം കഴിഞ്ഞിരിക്കുന്നു. മിനി സിവിൽ സ്റ്റേഷനുവേണ്ടി മൂന്നു കോടി രൂപയും കോർട്ട് കോംപ്ലക്സിനുവേണ്ടി രണ്ടരക്കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ഈ രണ്ട് പദ്ധതികൾക്കും സംസ്ഥാന ചീഫ് ആർക്കിടെക്ട് സ്ട്രക്ച്ചർ പൂർത്തിയാക്കി ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗം മുഖേന അംഗീകാരം നൽകിയതും ടെണ്ടർ നടപടികൾ പൂർത്തിയാക്കിയതുമാണ്. അതിനു ശേഷം അനിയന്ത്രിതമായ കാലതാമസമാണ് ഈ പദ്ധതികളുടെ കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. ഈ രണ്ട് പദ്ധതികളും പൂർത്തിയാകാത്തതുമൂലം ഹരിപ്പാട് നഗരം ശ്വാസംമുട്ടുകയാണ്. അവിടെ നിലവിലുള്ള സിവിൽ സ്റ്റേഷനുപകരമുള്ള താലൂക്ക് ആഫീസ് കെട്ടിടം ഹെറിറ്റേജ് കെട്ടിടമായി പ്രഖ്യാപിച്ചതുകൊണ്ട് ഇനിയത് വികസിപ്പിക്കുന്നതിനും പൊളിച്ചുകളയുന്നതിനും ബുദ്ധിമുട്ടാണ്. ആ സാഹചര്യത്തിൽ മിനി സിവിൽ സ്റ്റേഷന്റെയും കോർട്ട് കോപ്ലക്സിന്റെയും നിർമ്മാണം പ്രാവർത്തികമാക്കണം. 11.00 AM]

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ഇത് രണ്ട് സബ്മിഷനാണ്. മൂന്നുകോടി രൂപയ്ക്ക് 14-7-2009-ലാണ് മിനി സിവിൽ സ്റ്റേഷന് ഭരണാനുമതി നൽകിയത്. 345 ലക്ഷം രൂപയ്ക്കാണ് സാങ്കേതിക അനുമതി നൽകിയിട്ടുള്ളത്. അത് 12-5-2010-ൽ റീ-ടെണ്ടർ ചെയ്യാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 29-6-2010-ൽ റീ-ടെണ്ടർ ചെയ്യുകയും കൺസ്ട്രക്ഷൻ കോർപ്പറേഷന് 29.9 ശതമാനം എസ്റ്റിമേറ്റ് റേറ്റിൽനിന്നും ഉയർന്ന നിരക്കിൽ ടെണ്ടർ ലഭിക്കുകയും ചെയ്തു. 9-9-2009-ൽ കൂടിയ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി ടെണ്ടർ 20 ശതമാനം ഉയർന്ന നിരക്കിൽ അനുമതി നൽകുകയുമുണ്ടായി. ഈ റേറ്റ് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് സ്വീകാര്യമല്ലാത്തതിനാൽ അവർ കാട്ടുചെയ്ത ഉയർന്ന നിരക്ക് അനുവദനീയമാണോയെന്ന് ധനകാര്യവകുപ്പ് പരിശോധിച്ച് തീരുമാനമെടുക്കണം. ശ്രീ. ബി. ബാബു പ്രസാദ് പറഞ്ഞതുപോലെ ഇതിന് കാലതാമസം വന്നുകൂടാ. ഇക്കാര്യത്തിൽ ഉടൻ തീരുമാനമെടുക്കും. കോർട്ട് കോംപ്ലക്സ് പ്രവൃത്തിക്ക് 14-8-2009-ൽ ഭരണാനുമതി നൽകുകയും പി.ഡബ്ലിയു.ഡി. ആർക്കിടെക്ച്ചറൽ വിഭാഗം തയ്യാറാക്കിയ പ്ലാൻ ഹൈക്കോടതി 6-9-2010-ൽ അംഗീകരിക്കുകയും ചെയ്തു. തുടർന്ന് പൊതുമരാമത്ത് വകുപ്പ് വിശദമായ പരിശോധന പൂർത്തീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ 284 ലക്ഷം രൂപയുടെ ടെക്നിക്കൽ സാങ്ഷൻ നൽകിക്കഴിഞ്ഞു. പ്രീ-ക്വാളിഫിക്കേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly